പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1218

13.12.2012 ലെ മറുപടിയ്ക്ക്

## ആലത്തൂർ നിയോജക മണ്ഡലത്തിലെ മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം

ചോദ്യം

ശ്രീ.എം.ചന്ദ്രൻ

ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ മലയോര മേഖലയിലെ കൈവശകൃഷിക്കാരായ 451 പേർക്ക് മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ കളക്ടർ ഓഫർ സർട്ടിഫിക്കറ്റ് വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത കർഷകർക്ക് ഇപ്പോഴും പട്ടയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ എന്നത്തേക്ക് പട്ടയം നൽകുവാൻ സാധിക്കും; വ്യക്തമാക്കുമോ ? | സി) | 451 പേർക്കാണ് ഓഫർ ജില്ലാ കളക്ടർ തയ്യാറാക്കിയതെങ്കിലും ആയത് കൈപ്പറ്റിയത് 346 പേർ മാത്രമാണ്. 346 കക്ഷികൾക്ക് ഡീഡ്ഓഫ് അസൈൻമെന്റ് നൽകുന്നതിനുവേണ്ടി സ്ഥലം അളന്നുതിട്ടപ്പെടുത്തുന്നതിനായി സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കുകയും അപ്രകാരം 250 പ്ളോട്ടുകളെ ഉൾപ്പെടുത്തി പ്ളോട്ട് സ്കെച്ച് തയ്യാറാക്കി സർവ്വെ ടീം സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. ആയതിൽ 118 പ്ളോട്ടുകളുടെ അതിർത്തികളിൽ വനഭൂമി ഉൾപ്പെട്ടുവരുന്നതിനാൽ വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന് കണ്ടതിനെ തുടർന്ന് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

Rajeev
സെക്ഷൻ ഓഫീസർ